"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗര ഗ്രാമാസൂത്രണ വകുപ്പിലെ ഇടുക്കി കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ ശ്രീ. രാമചന്ദ്രൻ എസ്-ന്റെ ശൂന്യവേതന അവധിയുടെ വിനിയോഗിക്കാത്ത ഭാഗം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി)വകുപ്പ്

സ.ഉ.(സാധാ) നം.1425/2026/LSGD തീയതി,തിരുവനന്തപുരം, 03-08-2026

---

പരാമർശം:-
1. 11.10.2018-ലെ സ.ഉ.(സാധാ)നം. 2621/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
2. 26.07.2019-ലെ തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ എ6 /4632/2018 നം. ഉത്തരവ്
3. 08.08.2019-ലെ മുഖ്യ നഗരാസൂത്രകന്റെ എ6 /4632/18 നമ്പർ കത്ത്

**ഉത്തരവ്**

നഗര ഗ്രാമാസൂത്രണ വകുപ്പിലെ ഇടുക്കി കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ ശ്രീ. രാമചന്ദ്രൻ. എസ്-ന് പരാമർശം ഉത്തരവ് പ്രകാരം 01.02.2018 മുതൽ 31.10.2019 വരെ അനുവദിച്ചിരുന്ന ശൂന്യവേതന അവധിക്കിടയിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിച്ചതിനെ തുടർന്ന്, പരാമർശം (2) പ്രകാരം അദ്ദേഹത്തെ അടിയന്തിരമായി വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവാകുകയും, 01.08.2019 പൂർവ്വാഹ്നത്തിൽ ടിയാൻ ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു. ഇതിനെ തുടർന്ന്, വിനിയോഗിക്കപ്പെടാതെ ശേഷിച്ച ശൂന്യവേതന അവധിക്കാലമായ 01.08.2019 മുതൽ 31.10.2019 വരെയുള്ള കാലയളവ് റദ്ദ് ചെയ്യുന്നതിനുള്ള ശുപാർശ പരാമർശം (3) പ്രകാരം മുഖ്യ നഗരാസൂത്രകൻ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗര ഗ്രാമാസൂത്രണ വകുപ്പിലെ ഇടുക്കി കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ ശ്രീ. രാമചന്ദ്രൻ എസ്, മേൽ

സാഹചര്യത്തിൽ വിനിയോഗിക്കാതിരുന്ന 01.08.2019 മുതൽ 31.10.2019 വരെയുള്ള ശൂന്യവേതനാവധി കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
3. ശ്രീ. രാമചന്ദ്രൻ.എസ്, ഓഫീസ് അറ്റൻഡന്റ് /ചെയിൻമാൻ (മുഖ്യ നഗരാസൂത്രകൻ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) , തിരുവനന്തപുരം
5. വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി ഡയറക്ടർ,
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Keerthi I P
Date: 03-08-2026
16:37:31

സെക്ഷൻ ഓഫീസർ